# കേരള സർവകലാശാല

നം.പി.ആർ.58/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 മാർച്ച് 23 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം (എഫ്.ഡി.പി) – (റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2014, 2015 & 2016 അഡ്മിഷൻ & 2013 മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മാർച്ച് 23 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.വോക് (റെഗുലർ – 2017 അഡ്മിഷൻ, സപ്ലിമെന്ററി 2014, 2015 & 2016 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം & 2013 സ്കീം) നവംബർ 2019 ഇൻഫർമേഷൻ ടെക്നോളജി ശാഖയുടെ പ്രാക്ടിക്കൽ 2020 മാർച്ച് 18, 20 തീയതികളിൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വെച്ച് നടക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവാ വോസി

2019 ഡിസംബറിൽ നടത്തിയ ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ വൈവാ വോസി മാർച്ച് 19 ന് സർവകലാശാല സമുച്ചയത്തിലുള്ള കമ്പ്യൂട്ടർ സെന്ററിലെ സെമിനാർ ഹാളിൽ വെച്ച് രാവിലെ 10.30 ന് നടത്തുന്നതാണ്.

### പി.ജി – പ്രവേശന പരീക്ഷ മാറ്റി

ഏപ്രിൽ 1 മുതൽ 7 വരെ നടത്താനിരുന്ന സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ (സി.എസ്.എസ്) പി.ജി അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### സി.എസ്.എസ് – പരീക്ഷ മാറ്റി

സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ (സി.എസ്.എസ്) മാർച്ച് 16 മുതൽ നടക്കേണ്ടിയിരുന്ന രണ്ടാം സെമസ്റ്റർ പരീക്ഷ (2019–2021 ബാച്ച്), ഏപ്രിൽ 16 ലേക്ക് മാറ്റി വെച്ചിരിക്കുന്നു.

## സൂക്ഷ്മപരിശോധന

2019 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) 2020 മാർച്ച് 16 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

മാർച്ച് 17 ന് ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം (പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ക്രൈസ്റ്റ് നഗർ കോളേജ്, മാറനല്ലൂരും കൊല്ലം ഫാത്തിമ മാതാ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ശ്രീ.വിദ്യാധിരാജാ കോളേജ് (എസി.വി. ആർ) കരുനാഗപ്പള്ളിയിലും ശാസ്താംകോട്ട ഡി.ബി.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കൊല്ലത്തും നെടുമങ്ങാട് ഗവൺമെന്റ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും നാഷണൽ കോളേജ്, മണക്കാടും തിരുവനന്തപുരം സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഓഫ്ലൈൻ ആന്റ് ഓൺലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ നാഷണൽ കോളേജ്, മണക്കാടും നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എം.ജി കോളേജ്, തിരുവനന്തപുരത്തും പന്തളം എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ ഓൺലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികളും സെന്റ്.സിറിൾസ് കോളേജ്, അടൂരും പരീക്ഷ എഴുതേണ്ടതാണ്. സംസ്കൃത കോളേജിലെ ഓൺലൈൻ റെഗുലർ വിദ്യാർത്ഥികൾക്കും പന്തളം എൻ.എസ്.എസ് കോളേജിലെ മറ്റുള്ള ഓൺലൈൻ റെഗുലർ, ഓഫ്ലൈൻ, അഡീഷണൽ ഇലക്ടീവ് വിദ്യാർത്ഥികൾക്കും പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല.

## പരീക്ഷാഫീസ്

2020 ഏപ്രിലിൽ നടത്തുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (4 വർഷ ഇന്റഗ്രേറ്റഡ് കോഴ്സ് – 2011 സ്കീം) രണ്ട്, നാല്, ആറ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി പിഴകൂടാതെ 2020 മാർച്ച് 23 വരെയും 150 രൂപ പിഴയോടെ മാർച്ച് 26 വരെയും 400 രൂപ പിഴയോടെ മാർച്ച് 28 വരെയും സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഏപ്രിൽ 21 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ 2020 മാർച്ച് 25 വരെയും 150 രൂപ പിഴയോടെ മാർച്ച് 28 വരെയും 400 രൂപ പിഴയോടെ മാർച്ച് 31 വരെയും ഓൺലൈനായി അപേക്ഷിക്കാം.

## പരീക്ഷാഫലം

2019 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2020 മാർച്ച് 23 ന് മുൻപായി അപേക്ഷകൾ സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ബോട്ടണി, ജോഗ്രഫി, കെമിസ്ട്രി, പോളിമർ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, മെഡിസിനൽ കെമിസ്ട്രി, ബയോകെമിസ്ട്രി, എം.എ സംസ്കൃതം (സ്പെഷ്യൽ), ഫിലോസഫി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, ഹിസ്റ്ററി എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്.ഡി നൽകി

ദീപ.വി, ഹിമ.എസ്, ദീപ.ഐ, താപസ് പ്രധാൻ (ബയോടെക്നോളജി), ഗായത്രി സി.പി (ഹോം സയൻസ്), കവിത കെ.ജെ, മോളി.ബി (സുവോളജി), അജീന ബീഗം എ. എസ് (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), ഹിരൺ എച്ച്.എൽ (ഫ്യൂച്ചേഴ്സ് സ്റ്റഡീസ്), സിനിയ ടി നുജൂം (മെഡിസിൻ), അശ്വതി നാഥ് എൻ.ജെ, അനൂപ അശോക്, ശിൽപ ശശാങ്കൻ, സിനി മോൾ വി.എൻ, സിമു രാജേന്ദ്രൻ (കൊമേഴ്സ്), ശാലിനി സി.എസ്, ഷെറിൽ എലിസബത്ത് ജോസ് (സൈക്കോളജി), ഷിജു ഖാൻ ജെ.എസ്, അനുപ ജി, ശ്രീകല.പി (മലയാളം), ജാസ്മിൻ പീറ്റർ (ബയോകെമിസ്ട്രി), മൻസ എം.എം (ബോട്ടണി), ഷീന ബിജുകുമാർ (എഡ്യൂക്കേഷൻ), മെറീന പോളിൻ സി.ജെ (ഹിന്ദി), ജോൺസൺ എം.എം, സുബ്ബലക്ഷ്മി ജി.എസ് (സോഷ്യോളജി), അയ്യപ്പദാസൻ പിള്ള ആർ (മാനേജ്മെന്റ് സ്റ്റഡീസ്), ജോബി സിറിയക് (ഇംഗ്ലീഷ്) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## നാഡ് രജിസ്ട്രേഷൻ

സർവകലാശാലയിൽ നിന്നും 2003 ജനുവരി – 2019 ഒക്ടോബൽ കാലയളവിൽ പി.ജി, 2012 ജനുവരി – 2019 ഏപ്രിൽ കാലയളവിൽ ബി.ടെക്, 2009 ജനുവരി – 2019 ഏപ്രിൽ കാലയളവിൽ ബി.എഡ്, 2014 ജനുവരി – 2019 മേയ് കാലയളവിൽ എൽ.എൽ.ബി, 2013 ജനുവരി – 2019 ജൂലൈ കാലയളവിൽ എം.ബി.എ, 2014 ജനുവരി – 2019 മേയ് കാലയളവിൽ എം.സി.എ, 2013 ജനുവരി – 2017 ജൂലൈ കാലയളവിൽ എം.പ്ലാൻ, 2015 ജനുവരി – 2018 ജൂലൈ കാലയളവിൽ എം.ആർക്ക് എന്നീ പരീക്ഷകൾ പാസ്സായവരുടെ ഡിഗ്രി സർട്ടിഫിക്കറ്റ് നാഡ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ **cvl.nad.co.in** എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ആധാർ മുഖേന രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്ക് നാഡ് ഐ.ഡി അപ്പോൾ തന്നെ ലഭിക്കുന്നതാണ്. പ്രസ്തുത നാഡ് ഐ.ഡിയും പാസ്‌വേഡും ഉപയോഗിച്ച് വീണ്ടും ലോഗിൻ ചെയ്ത് ക്ലെയിം അവാർഡ് എന്ന ഓപ്ഷനിലൂടെ സർട്ടിഫിക്കറ്റ് ലഭ്യമാകും. ആധാർ മുഖേനയല്ലാതെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർ നാഡ് ഐ.ഡി ലഭിക്കുന്നതിനായി സർവകലാശാലയുടെ ഇ-മെയിലിലേക്ക് തിരിച്ചറിയൽ രേഖ, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് അയയ്ക്കുക. വിശദവിവരങ്ങൾക്ക് – **www.nad.gov.in**, **www.keralauniversity.ac.in** **Email: nad@keralauniversity.ac.in** ഫോൺ: 0471 2386403

## ശിൽപ്പശാല മാറ്റി

COVID – 19 ന്റെ പശ്ചാത്തലത്തിൽ, കേരള സർക്കാരിന്റെയും യു. ജി. സിയുടെയും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് കേരള സർവകലാശാല ഐ. ക്യു. എ. സി 2020 മാർച്ച് 16, 17 തീയതികളിൽ "Meeting Quality Outcomes for Higher Education Institutions" എന്ന വിഷയത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന എൻ.എ.എ.സി ശിൽപ്പശാല മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
13.03.2020

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**